**മധുരമായ കുട്ടികളേ- നിങ്ങൾക്ക് യോഗബലത്തിലൂടെ ഈ ഉപ്പുകടൽ മറികടന്ന് വീട്ടിലേയ്ക്ക് പോകണം അതിനാൽ എവിടേയ്ക്കാണോ പോകേണ്ടത് ആ സ്ഥാനത്തെ ഓർമ്മിക്കൂ, ഇപ്പോൾ നമ്മൾ യാചകനിൽ നിന്നും ധനികനായി മാറുകയാണ് എന്ന സന്തോഷത്തിൽ ഇരിക്കൂ.**

**ചോദ്യം:-** ദൈവീക ഗുണങ്ങൾ എന്ന വിഷയത്തിൽ ശ്രദ്ധയുള്ള കുട്ടികളുടെ അടയാളങ്ങൾ എന്തെല്ലാമായിരിക്കും?
**ഉത്തരം:-** അവരുടെ ബുദ്ധിയിലുണ്ടാകും - എങ്ങനെയുള്ള കർമ്മം നമ്മൾ ചെയ്യുന്നുവോ അത് കണ്ട് മറ്റുള്ളവരും ചെയ്യും. അവർ ഒരിയ്ക്കലും ആരെയും ബുദ്ധിമുട്ടിക്കില്ല. അവരുടെ മുഖത്തിൽ നിന്നും ഒരിയ്ക്കലും തലതിരിഞ്ഞ വാക്കുകൾ വരില്ല. മനസ്സാ-വാചാ-കർമ്മണാ ആർക്കും ദുഃഖം നൽകില്ല. ബാബയ്ക്ക് സമാനം സുഖം നൽകുന്നതിനുള്ള ലക്ഷ്യമുണ്ടെങ്കിൽ അപ്പോൾ പറയാം ദൈവീക ഗുണങ്ങൾ എന്ന വിഷയത്തിൽ ശ്രദ്ധയുണ്ട്.

**ഓംശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികളെപ്രതി ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരികയാണ്. ഓർമ്മയുടെ യാത്രയും പഠിപ്പിക്കുകയാണ്. ഓർമ്മയുടെ യാത്ര എന്നതിന്റെ അർത്ഥവും കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ടാകും. ഭക്തിമാർഗ്ഗത്തിലും എല്ലാവരും ദേവതകളേയും ശിവബാബയേയും ഓർമ്മിക്കുന്നുണ്ട്. പക്ഷേ ഓർമ്മയിലൂടെയേ വികർമ്മം വിനാശമാകൂ എന്നത് അറിയില്ലായിരുന്നു. കുട്ടികൾക്ക് അറിയാം ബാബ പതിത പാവനനാണ്, പാവനമാകുന്നതിനുള്ള യുക്തി പറഞ്ഞുതരുന്നതും ബാബ തന്നെയാണ്. ആത്മാവിനുതന്നെയാണ് പാവനമായി മാറേണ്ടത്, ആത്മാവുതന്നെയാണ് പതിതമാകുന്നത്. കുട്ടികൾക്ക് അറിയാം ബാബ ഭാരതത്തിൽ വന്നാണ് ഓർമ്മയുടെ യാത്ര പഠിപ്പിക്കുന്നത് ബാക്കി ഒരു സ്ഥലത്തും പഠിപ്പിക്കാൻ സാധിക്കില്ല. ഭൗതീകയാത്രകൾ കുട്ടികൾ ഒരുപാട് ചെയ്തു, ഈ യാത്ര പഠിപ്പിക്കാൻ ഒരേ ഒരു ബാബയ്ക്ക് മാത്രമേ കഴിയൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കിത്തന്നു മായ കാരണം എല്ലാവരുടെ ബുദ്ധിയിലും അവിവേകം എന്ന പൂട്ട് ഇട്ടിരിക്കുന്നു. ഇപ്പോൾ ബാബയിലൂടെ നിങ്ങൾക്ക് മനസ്സിലായി നമ്മൾ എത്ര വിവേകശാലികളായിരുന്നു, ധനവാനും പവിത്രവുമായിരുന്നു. നമ്മൾ മുഴുവൻ വിശ്വത്തിന്റേയും അധികാരികളായിരുന്നു. ഇപ്പോൾ നമ്മൾ വീണ്ടും ആയിക്കൊണ്ടിരിക്കുകയാണ്. ബാബ എത്ര വലിയ പരിധിയില്ലാത്ത രാജധാനിയാണ് നൽകുന്നത്. ലൗകിക പിതാവാണെങ്കിൽ ലക്ഷങ്ങളോ കോടികളോ തരും. ഇവിടെയാണെങ്കിൽ മധുരമായ പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത രാജധാനി നൽകാൻ വന്നിരിക്കുന്നു, അതിനാൽ നിങ്ങൾ ഇവിടെ പഠിക്കാൻ വന്നതാണ്. ആരുടെ അടുത്ത്? പരിധിയില്ലാത്ത ബാബയുടെ അടുത്ത്. ബാബാ എന്ന വാക്ക് മമ്മാ എന്നതിനേക്കാൾ മധുരമാണ്. മമ്മ നന്നായി പാലിക്കുന്നുണ്ട് എന്നാലും അച്ഛൻ അച്ഛൻ തന്നെയാണ്, അച്ഛനിലൂടെയാണ് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നത്. നിങ്ങൾ സദാ സുഖിയും സദാ സുമംഗലിയുമാകുന്നു. ബാബ നമ്മളെ വീണ്ടും എന്താക്കി മാറ്റുന്നു! ഇത് പുതിയ കാര്യമല്ല. ഗീതവുമുണ്ട് രാവിലെ ധനവാനായിരുന്നു രാത്രിയായപ്പോൾ യാചകനായി എന്ന്. നിങ്ങളും രാവിലെ ധനികനും പിന്നീട് പരിധിയില്ലാത്ത രാത്രിയിൽ യാചകനും ആകുന്നു. ബാബ ദിവസവും സ്മൃതി ഉണർത്തുന്നു - കുട്ടികളേ, ഇന്നലെ നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിരുന്നു, ഇന്ന് നിങ്ങൾ യാചകനായിരിക്കുന്നു. ഇപ്പോൾ വീണ്ടും പ്രഭാതം വരുമ്പോൾ നിങ്ങൾ വീണ്ടും ധനികരാകുന്നു. എത്ര സഹജമായ കാര്യമാണ്. നിങ്ങൾ കുട്ടികൾക്ക് വളരെ അധികം സന്തോഷം ഉണ്ടായിരിക്കണം- കാരണം ധനികനായി മാറുകയാണ്. ബ്രാഹ്മണരുടെ പകലും ബ്രാഹ്മണരുടെ രാത്രിയും. ഇപ്പോൾ പകലിൽ നിങ്ങൾ ധനികനാവുകയാണ് തീർച്ചയായും ആവുകതന്നെ ചെയ്യും. പക്ഷേ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചായിരിക്കും. ബാബ പറയുന്നു ഇത് അതേ ഉപ്പുകടലാണ്, യോഗബലത്തിലൂടെ ഇതിനെ മറികടക്കാൻ നിങ്ങൾക്കു മാത്രമേ സാധിക്കൂ. എവിടേയ്ക്കാണോ പോകേണ്ടത് ആ സ്ഥാനത്തെ ഓർമ്മവെയ്ക്കണം. നമുക്ക് ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. ബാബ നേരിട്ട് വന്നിരിക്കുകയാണ് നമ്മളെ കൊണ്ടുപോകാൻ. വളരെ സ്നേഹത്തോടെ മനസ്സിലാക്കിത്തരുന്നു- മധുരമായ കുട്ടികളേ, നിങ്ങൾ തന്നെയാണ് പാവനമായിരുന്നത്, 84 ജന്മങ്ങൾ എടുത്ത് പതിതമായിരിക്കുന്നു വീണ്ടും പാവനമാകണം. പാവനമായി മാറാൻ മറ്റൊരു ഉപായവുമില്ല. നിങ്ങൾക്ക് അറിയാം പതിതപാവനൻ വന്നിരിക്കുന്നു നിങ്ങൾ ആ ബാബയുടെ മതപ്രകാരം നടന്ന് പാവനമായി മാറുകയാണ്. ഞാൻ ഇന്ന പദവി നേടും എന്നതിൽ കുട്ടികൾക്ക് വളരെ അധികം സന്തോഷമുണ്ട്. ബാബ പറയുന്നു നിങ്ങൾ 21 ജന്മങ്ങളിലേയ്ക്ക് സദാ സുഖിയായി മാറും. ബാബ സുഖധാമത്തിന്റേയും രാവണൻ ദുഃഖധാമത്തിന്റേയും സമ്പത്ത് നൽകുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം രാവണൻ നമ്മുടെ പഴയ ശത്രുവാണ്, രാവണനാണ് നിങ്ങളെ 5 വികാരങ്ങളാകുന്ന

കൂട്ടിലിട്ട് അടച്ചത്. ബാബ വന്ന് പുറത്ത് എടുക്കുന്നു. ആര് എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രത്തോളം മറ്റുള്ളവർക്ക് പരിചയവും നൽകും. ഓർമ്മിക്കാത്തവർ ദേഹാഭിമാനത്തിലായിരിക്കും. അവർക്ക് ബാബയെ ഓർമ്മിക്കാനും സാധിക്കില്ല ബാബയുടെ പരിചയം നൽകാനും സാധിക്കില്ല. നമ്മൾ ആത്മാക്കൾ സഹോദരങ്ങളാണ്, വീട്ടിൽ നിന്ന് ഇവിടേയ്ക്ക് വന്നത് ഭിന്ന-ഭിന്ന പാർട്ട് അഭിനയിക്കാനാണ്. മുഴുവൻ പാർട്ടും എങ്ങനെയാണ് അഭിനയിക്കുന്നത്, ഇതും നിങ്ങളുടെ ബുദ്ധിയിലുണ്ട്. ആർക്കാണോ പക്കാ നിശ്ചയമുള്ളത് അവർ ഇവിടെ വന്ന് റിഫ്രഷാകും. ടീച്ചറുടെ കൂടെത്തന്നെ ഇരിക്കേണ്ടി വരുന്ന തരത്തിലുള്ള പഠിപ്പല്ല ഇത്. തന്റെ വീട്ടിൽ ഇരുന്നുകൊണ്ടും പഠിക്കാൻ സാധിക്കും. കേവലം ഒരാഴ്ച നല്ല രീതിയിൽ മനസ്സിലാക്കു പിന്നീട് ബ്രാഹ്മിണിമാർ ചിലരെ ഒരു മാസം, ചിലരെ 6 മാസം, ചിലരെ 12 മാസങ്ങൾക്കുശേഷം കൊണ്ടുവരുന്നു. ബാബ പറയുന്നു നിശ്ചയം ഉണ്ടായി ഉടൻ ഓടിവന്നു.

ഞങ്ങൾ വികാരത്തിലേയ്ക്കു പോകില്ല എന്നതിൽ രാഖിയും ബന്ധിക്കണം. ഞങ്ങൾ ശിവബാബയോട് പ്രതിജ്ഞ ചെയ്യുകയാണ്. ശിവബാബ തന്നെയാണ് പറയുന്നത്- കുട്ടികളേ, നിങ്ങൾക്ക് തീർച്ചയായും നിർവ്വികാരിയായി മാറണം. അഥവാ വികാരത്തിലേയ്ക്ക് പോയാൽ സമ്പാദ്യം ഇല്ലാതാകും, 100 മടങ്ങ് ശിക്ഷ വർദ്ധിക്കും. 63 ജന്മം നിങ്ങൾ ചതിയിൽപ്പെട്ടു. ഇപ്പോൾ പറയുന്നു പവിത്രമാകൂ. എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. ആത്മാക്കൾ സഹോദരങ്ങളാണ്. ആരുടേയും നാമരൂപത്തിൽ കുടുങ്ങരുത്. പതിവായി പഠിക്കാത്തവരാണെങ്കിൽ അവരെ പെട്ടെന്ന് കൊണ്ടുവരേണ്ടതില്ല. ബാബ പറയാറുണ്ട് ഒരു ദിവസം കൊണ്ടും ലക്ഷ്യത്തിൽ അമ്പ് തറയ്ക്കാം പക്ഷേ വളരെ യുക്തിയോടെ കാര്യങ്ങൾ ചെയ്യണം. നിങ്ങൾ ബ്രാഹ്മണരാണ് സർവ്വോത്തമം. അവിടെ സത്സംഗമൊന്നും ഉണ്ടാകില്ല. സത്സംഗമുണ്ടാകുന്നത് ഭക്തിമാർഗ്ഗത്തിലാണ്. നിങ്ങൾക്ക് അറിയാം സത്യമായ സംഗം ഉയർത്തും, സത്യയുഗത്തിന്റെ സ്ഥാപനയുണ്ടാകുമ്പോൾ മാത്രമാണ് സത്യത്തിന്റെ സംഗം ലഭിക്കുന്നത്. ഇത് ആരുടേയും ബുദ്ധിയിൽ വരുന്നില്ല കാരണം ബുദ്ധിയിൽ പൂട്ടിട്ടിരിക്കുകയാണ്. ഇപ്പോൾ സത്യയുഗത്തിലേയ്ക്ക് പോകണം. പുരുഷോത്തമ സംഗമയുഗത്തിൽ മാത്രമാണ് സത്യത്തിന്റെ സംഗം ലഭിക്കുന്നത്. ആ ഗുരുക്കന്മാർ സംഗമയുഗികളല്ല. ബാബ എപ്പോഴാണോ വരുന്നത് അപ്പോൾ മക്കളേ-മക്കളേ എന്നു വിളിക്കുന്നു. ആ ഗുരുക്കന്മാരെ നിങ്ങൾ അച്ഛാ എന്നു വിളിക്കുമോ. ബുദ്ധിയിൽ പൂർണ്ണമായും ഗോദ്റേജിന്റെ പൂട്ടിട്ടിരിക്കുകയാണ്. ബാബ വന്ന് പൂട്ട് തുറക്കുന്നു. മനുഷ്യർ വന്ന് വജ്രതുല്യ ജീവിതം ഉണ്ടാക്കുന്നതിനായി ബാബ എന്തെല്ലാം യുക്തികളാണ് രചിക്കുന്നതെന്ന് നോക്കൂ. മാഗസീനും പുസ്തകങ്ങളും അച്ചടിക്കുന്നു. വളരെ പേരുടെ മംഗളമുണ്ടായാൽ അവരുടെ ആശീർവാദവും ലഭിക്കും. പ്രജകളെ ഉണ്ടാക്കുന്ന പുരുഷാർത്ഥം ചെയ്യണം. സ്വയം ബന്ധനത്തിൽ നിന്നും മുക്തമാകണം. ശരീരനിർവ്വഹണാർത്ഥം സേവനം തീർച്ചയായും ചെയ്യണം. ഈശ്വരീയ സേവനം രാവിലേയും വൈകുന്നേരവുമാണ് നടക്കുന്നത്. അപ്പോൾ എല്ലാവർക്കും സമയമുണ്ട്, ആരുടെ കൂടെയാണോ നിങ്ങൾ ലൗകിക സേവനം ചെയ്യുന്നത് അവർക്കും പരിചയം നൽകിക്കൊണ്ടിരിക്കൂ നിങ്ങൾക്ക് രണ്ട് അച്ഛന്മാരുണ്ട്. ലൗകിക പിതാവ് എല്ലാവരുടേയും വേറെ വേറെയാണ്. എന്നാൽ എല്ലാവരുടേയും പാരലൗകിക പിതാവ് ഒന്നാണ്. ആ പിതാവ് സുപ്രീമാണ്. ബാബ പറയുന്നു എനിക്കും പാർട്ടുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് എന്റെ പരിചയം ലഭിച്ചുകഴിഞ്ഞു. ആത്മാവിനേയും നിങ്ങൾ അറിഞ്ഞുകഴിഞ്ഞു. ആത്മാവിനെക്കുറിച്ച് പറയുന്നത് ഭൃകുടിയിൽ തിളങ്ങുന്ന ദിവ്യ നക്ഷത്രം... എന്നാണ്. അത് അകാലസിംഹാസനവും കൂടിയാണ്. ആത്മാവിനെ ഒരിയ്ക്കലും കാലൻ വിഴുങ്ങില്ല. അത് അഴുക്കുള്ളതാകുന്നു ശുദ്ധമാകുന്നു എന്നുമാത്രം, ആത്മാവിന്റെ സിംഹാസനം ശോഭിക്കുന്നത് ഭൃകുടി മദ്ധ്യത്തിലാണ്. തിലകത്തിന്റെ അടയാളം നൽകുന്നതും ഇവിടെയാണ്. ബാബ പറയുന്നു നിങ്ങൾ സ്വയം നിങ്ങളെ രാജ്യതിലകം പ്രാപ്തമാക്കുന്നതിന് യോഗ്യരാക്കി മാറ്റൂ. ഞാൻ എല്ലാവർക്കും രാജ്യതിലകം നൽകും അങ്ങനെയല്ല. നിങ്ങൾ സ്വയം പ്രാപ്തമാക്കു. ബാബയ്ക്ക് അറിയാം ആര് എത്രത്തോളം സേവനം ചെയ്യുന്നുണ്ട്. മാഗസീനുകളിലും വളരെ നല്ല കൃതികൾ വരുന്നുണ്ട്. ഇതിനോടൊപ്പം യോഗത്തിൽ ഇരിക്കുന്നതിനുള്ള പരിശ്രമവും ചെയ്യണം ഇതിലൂടെ മാത്രമേ വികർമ്മം വിനാശമാകൂ. ദിനം പ്രതി ദിനം നിങ്ങൾ നല്ല രാജയോഗിയായി മാറും. ഇപ്പോൾ ശരീരം ഉപേക്ഷിച്ചു ഞങ്ങൾ വീട്ടിലേയ്ക്കുപോകും എന്ന് മനസ്സിലാക്കുന്ന അവസ്ഥയുണ്ടാകും. സൂക്ഷ്മവതനത്തിലേയ്ക്കാണെങ്കിൽ കുട്ടികൾ പോകുന്നുണ്ട്, മൂലവതനത്തേയും നല്ല രീതിയിൽ മനസ്സിലാക്കുന്നുണ്ട് അത് നമ്മൾ ആത്മാക്കളുടെ വീടാണെന്ന്. മനുഷ്യർ ശാന്തിധാമത്തിലെത്താനാണ് ഭക്തി ചെയ്യുന്നത്. അവർക്ക് സുഖധാമത്തെക്കുറിച്ച് അറിയുകയേയില്ല. ബാബയ്ക്കല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുവേണ്ടിയുള്ള പഠിപ്പ് പഠിപ്പിക്കാൻ സാധിക്കില്ല. ഇത് പ്രവൃത്തീമാർഗ്ഗമാണ്. ഇരുകൂട്ടർക്കും മുക്തിധാമത്തിലേയ്ക്കു പോകണം. അവർ തലതിരിഞ്ഞ വഴിയാണ് പറഞ്ഞുതരുന്നത്, ആരും പോകുന്നില്ല. എല്ലാവരേയും അവസാനം ബാബ കൊണ്ടുപോകും. ഇത് ബാബയുടെ കർത്തവ്യമാണ്. ചിലർ നല്ല രീതിയിൽ പഠിച്ച് രാജ്യഭാഗ്യം എടുക്കുന്നു. ബാക്കിയെല്ലാവരും എങ്ങനെ പഠിക്കും. അവർ എങ്ങനെ നമ്പർവൈസായി വരുന്നുവോ അതു

പോലെ നമ്പർവൈസായി പോകും. ഈ കാര്യങ്ങളിൽ അധിക സമയം കളയരുത്.

ബാബയെ ഓർമ്മിക്കാൻ പോലും സമയം കിട്ടുന്നില്ല എന്നാണല്ലോ പറയുന്നത് എങ്കിൽ പിന്നെ ഇതിലെന്തിനാണ് സമയം കളയുന്നത്. ഇത് നിശ്ചയമാണ് പരിധിയില്ലാത്ത അച്ഛൻ ടീച്ചറും സദ്ഗുരുവും കൂടിയാണ്. അതിനാൽ രണ്ടാമത് ഒരാളെ ഓർമ്മിക്കേണ്ട ആവശ്യം പോലുമില്ല. നിങ്ങൾക്ക് അറിയാം കല്പം മുമ്പും ശ്രീമതത്തിലൂടെ നടന്ന് പാവനമായി മാറിയിട്ടുണ്ട്. ഓരോ നിമിഷവും ചക്രം കറക്കിക്കൊണ്ടിരിക്കണം. നിങ്ങളുടെ പേര് സ്വദർശന ചക്രധാരി എന്നാണ്. ജ്ഞാനസാഗരനിൽ നിന്നും നിറയ്ക്കാൻ നിങ്ങൾക്ക് സമയം എടുക്കില്ല. കാലിയാകുന്നതിൽ സമയം എടുക്കും. നിങ്ങൾ കളഞ്ഞുപോയി തിരികെക്കിട്ടിയ മധുരമായ മക്കളാണ് എന്തെന്നാൽ കല്പത്തിനുശേഷം വന്ന് കണ്ടുമുട്ടിയിരിക്കുകയാണ്. ഇതിൽ പക്കാ നിശ്ചയം വേണം. നമ്മൾ 84 ജന്മങ്ങൾക്കു ശേഷം വീണ്ടും വന്ന് ബാബയെ കണ്ടുമുട്ടിയിരിക്കുകയാണ്. ബാബ പറയുന്നു ആരാണോ ആദ്യം ഭക്തി ചെയ്തത് അവരാണ് ആദ്യം ജ്ഞാനം നേടുന്നതിന് യോഗ്യരായി മാറുന്നത് എന്തുകൊണ്ടെന്നാൽ ഭക്തിയുടെ ഫലം നൽകണം. അതിനാൽ സദാ തന്റെ ഫലത്തെ അഥവാ സമ്പത്തിനെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഫലം എന്നത് ഭക്തിമാർഗ്ഗത്തിലെ വാക്കാണ്. സമ്പത്ത് എന്നത് ശരിയാണ്. പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കുന്നതിലൂടെ സമ്പത്ത് ലഭിക്കുന്നു അതല്ലാതെ മറ്റൊരു ഉപായവുമില്ല. ഭാരതത്തിന്റെ പ്രാചീനയോഗം വളരെ പ്രസിദ്ധമാണ്. ഭാരതത്തിലെ പ്രാചീനയോഗമാണ് ഞങ്ങൾ പഠിക്കുന്നത് എന്നാണ് അവർ കരുതുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു അവർ ഡ്രാമ അനുസരിച്ച് ഹഠയോഗിയായി മാറുന്നു. രാജയോഗം നിങ്ങൾ ഇപ്പോഴാണ് പഠിക്കുന്നത് എന്തുകൊണ്ടെന്നാൽ ഇപ്പോൾ സംഗമയുഗമാണ്. അവരുടെ ധർമ്മം വേറെയാണ്. വാസ്തവത്തിൽ അവരെ ഗുരു എന്നു പറയാൻ പാടില്ല. പക്ഷേ ഡ്രാമ അനുസരിച്ച് വീണ്ടും തീർച്ചയായും ഇത് ആവർത്തിക്കും. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ സത്യമായി മാറണം. ധർമ്മത്തിലാണ് ശക്തി. നിങ്ങളെ ഞാൻ ദേവീദേവതയാക്കുന്നു ഈ ധർമ്മം വളരെ അധികം സുഖം നൽകുന്നതാണ്. എന്നോട് യോഗം വെയ്ക്കുന്നവർക്കും എന്റെ ശക്തി ലഭിക്കുന്നു. അതിനാൽ ബാബ സ്വയം സ്ഥാപന ചെയ്യുന്ന ധർമ്മത്തിന് വളരെ അധികം ശക്തിയുണ്ട്. നിങ്ങൾ മുഴുവൻ വിശ്വത്തിന്റേയും അധികാരിയാവുന്നു. ബാബ ഈ ധർമ്മത്തിന്റെ മഹിമ ചെയ്യുകയാണ് ഈ ധർമ്മത്തിന് വളരെ അധികം ശക്തിയുണ്ട്. സർവ്വശക്തിവാനായ ബാബയിൽ നിന്നും ഒരുപാടുപേർക്ക് ശക്തി ലഭിക്കുന്നുണ്ട്. വാസ്തവത്തിൽ ശക്തി എല്ലാവർക്കും ലഭിക്കുന്നുണ്ട് പക്ഷേ നമ്പർവൈസാണ്. നിങ്ങൾക്ക് എത്ര ശക്തിവേണോ അത്രയും ശക്തി ഇപ്പോൾ ബാബയിൽ നിന്നും എടുക്കൂ ഒപ്പം ദൈവീക ഗുണങ്ങളാകുന്ന വിഷയവും വേണം. ആരെയും ബുദ്ധിമുട്ടിക്കരുത്, ദുഃഖം നൽകരുത്. ബ്രഹ്മാ ബാബ ഒരിയ്ക്കലും ആരോടും മോശമായി സംസാരിക്കില്ല. അറിയാം എങ്ങനെയുള്ള കർമ്മങ്ങൾ ഞാൻ ചെയ്യുന്നോ, എന്നെക്കണ്ട് മറ്റുള്ളവരും അതുപോലെ ചെയ്യും. ആസുരീയ അവഗുണങ്ങളിൽ നിന്ന് ദൈവീക ഗുണങ്ങളിലേയ്ക്ക് വരണം. ഞാൻ ആർക്കും ദുഃഖം നൽകുന്നില്ലല്ലോ എന്ന് നോക്കണം? ആർക്കും ദുഃഖം നൽകാത്തതായി ഒരാൾ പോലുമില്ല. എന്തെങ്കിലും തെറ്റുകൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. മനസ്സാ– വാചാ– കർമ്മണാ ആർക്കും ദുഃഖം നൽകാത്ത ആ അവസ്ഥ അന്തിമത്തിൽ വരും. ഈ സമയത്ത് നമ്മൾ പുരുഷാർത്ഥീ അവസ്ഥയിലാണ്. ഓരോ കാര്യവും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് നടക്കുന്നത്. എല്ലാവരും സുഖത്തിനുവേണ്ടിയാണ് പുരുഷാർത്ഥം ചെയ്യുന്നത്. പക്ഷേ ബാബയ്ക്കല്ലാതെ മറ്റാർക്കും സുഖം നൽകാൻ സാധിക്കില്ല. സോമനാഥ ക്ഷേത്രത്തിൽ എത്രയധികം വജ്രങ്ങളും വൈഢൂര്യങ്ങളും ഉണ്ടായിരുന്നു. അതെല്ലാം എവിടെ നിന്ന് വന്നതാണ്, എങ്ങനെയാണ് സമ്പന്നരായത്. മുഴുവൻ ദിവസവും ഈ പഠിപ്പിന്റെ ചിന്തനത്തിൽ കഴിയണം. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും കമല പുഷ്പ സമാനം പവിത്രമായി മാറണം. നിങ്ങൾ ഈ പുരുഷാർത്ഥം ചെയ്തിട്ടുണ്ട് അതിനാലാണ് മാലയുണ്ടാക്കിയിരിക്കുന്നത്. കല്പ കല്പം ഉണ്ടാക്കും. മാല ആരുടെ ഓർമ്മചിഹ്നമാണ്– ഇതും നിങ്ങൾക്ക് അറിയാം. അവരാണെങ്കിൽ മാലയെ സ്മരിച്ച് വളരെ സന്തുഷ്ടരാകുന്നു. ഭക്തിയിൽ എന്താണ് സംഭവിക്കുന്നത്, ജ്ഞാനത്തിൽ എന്താണ് സംഭവിക്കുന്നത് – ഇത് നിങ്ങൾ മാത്രമാണ് അറിയുന്നത്. ആർക്ക് വേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ നിങ്ങൾക്ക് സാധിക്കും. പുരുഷാർത്ഥം ചെയ്ത് ചെയ്ത് അവസാനം അന്തിമ റിസൾട്ട് കല്പം മുമ്പത്തേതുപോലെ പുറത്തുവരും. എല്ലാവരും തന്റെ പരിശോധന നടത്തിക്കൊണ്ടിരിക്കൂ. നിങ്ങൾക്ക് അറിയാം നമുക്ക് ഇതായി മാറണം. പുരുഷാർത്ഥത്തിനുള്ള മാർജിൻ ലഭിച്ചിട്ടുണ്ട്. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് ബാബയും നിങ്ങളെ സ്വാഗതം ചെയ്യുന്നു. നിങ്ങൾ കുട്ടികൾ ആരെയെല്ലാം സ്വാഗതം ചെയ്യുന്നുണ്ടോ അതിലും അധികമായി ബാബ നിങ്ങളെ സ്വാഗതം ചെയ്യുന്നു. ബാബയുടെ ജോലിതന്നെ ഇതാണ്– നിങ്ങളെ സ്വാഗതം ചെയ്യുക. സ്വാഗതം അർത്ഥം സദ്ഗതി. ഇതാണ് സർവ്വശ്രേഷ്ഠമായ സ്വാഗതം. നിങ്ങൾ എല്ലാവരേയും സ്വാഗതം ചെയ്യാനാണ് ബാബ വരുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1. എല്ലാവരുടേയും ആശീർവാദം നേടുന്നതിനുവേണ്ടി മംഗളകാരിയായി മാറണം. ശരീര നിർവ്വഹണാർത്ഥം കർമ്മങ്ങൾ ചെയ്തുകൊണ്ടും സ്വയം ബന്ധനത്തിൽ നിന്നും മുക്തമായി രാവിലേയും വൈകുന്നേരവും ഈശ്വരീയ സേവനം തീർച്ചയായും ചെയ്യണം.

2. മറ്റു കാര്യങ്ങളിൽ തന്റെ സമയത്തെ വ്യർത്ഥമാക്കാതെ ബാബയെ ഓർമ്മിച്ച് ശക്തി എടുക്കണം.സത്യ വുമായുള്ള സംഗത്തിൽത്തന്നെ ഇരിക്കണം. മനസാ-വാചാ-കർമ്മണാ എല്ലാവർക്കും സുഖം നൽകുന്ന തിനുള്ള പുരുഷാർത്ഥമായിരിക്കണം ചെയ്യേണ്ടത്.

**വരദാനം:- പവിത്രതയുടെ വരദാനത്തെ നിജ സംസ്കാരമാക്കി പവിത്ര ജീവിതം ഉണ്ടാക്കുന്ന പരിശ്രമ മുക്തരായി ഭവിക്കട്ടെ.**

പല കുട്ടികൾക്കും പവിത്രതയുടെ കാര്യത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്, ഇതിൽ നിന്ന് തെളിയുന്നത് വരദാതാവായ ബാബയിൽ നിന്ന് ജന്മത്തിന്റെ വരദാനം സ്വീകരിച്ചിട്ടില്ല. വരദാനത്തിൽ പരിശ്രമമൊന്നുമില്ല. ഓരോ ബ്രാഹ്മണ ആത്മാവിനും ജന്മത്തിന്റെ ആദ്യത്തെ വരദാനമാണ് "പവിത്ര ഭവ, യോഗീ ഭവ". എങ്ങനെയാണോ ജന്മത്തിന്റെ സംസ്കാരം വളരെ ഉറച്ചതായിരിക്കുന്നത്, അതേപോലെ പവിത്രത ബ്രാഹ്മണ ജന്മത്തിന്റെ ആദി സംസ്കാരമാണ്, നിജ സംസ്കാരമാണ്. ഈ സ്മൃതിയിലൂടെ പവിത്ര ജീവിതം ഉണ്ടാക്കൂ. പരിശ്രമത്തിൽ നിന്ന് മുക്തരാകൂ.

**സ്ലോഗൻ:- ആരിലാണോ സേവനത്തിന്റെ ശുദ്ധ ഭാവനയുള്ളത് അവരാണ് ട്രസ്റ്റി (സൂക്ഷിപ്പുകാർ)**